| ആശയങ്ങൾ | പ്രക്രിയ/പ്രവർത്തനങ്ങൾ |
|---|---|
| **പ്രമേയം– 1 : വാതകാവസ്ഥ** | **6 പിരിയഡ്/ 4 മണിക്കൂർ** |
| • വാതകങ്ങളിലേതിനേക്കാൾ ദ്രാവക തന്മാത്രകൾ അടുത്തു സ്ഥിതി ചെയ്യുന്നു. അതിനേക്കാൾ അടുത്താണ് ഖരത്തിലെ തന്മാത്രകൾ സ്ഥിതി ചെയ്യുന്നത്. ദ്രാവക തന്മാത്രകൾ തമ്മിലുള്ള ആകർഷണബലം വാതക തന്മാത്രകളേക്കാൾ കൂടുതലാണ്. | • പരീക്ഷണം, നിരീക്ഷണം, ചർച്ച തുടങ്ങിയവയിലൂടെ ദ്രാവകങ്ങൾ വാതകങ്ങളാകുമ്പോൾ ഉണ്ടാകുന്ന മാറ്റങ്ങൾ മനസ്സിലാക്കുന്നു. |
| • ബാഷ്പീകരണം എല്ലാ താപനിലയിലും നടക്കുന്നു.<br>• താപനില വർധിപ്പിച്ചാൽ ദ്രാവകം, വാതകമായി മാറുന്നു. ഒരു ദ്രാവകത്തിന്റെ തിളനിലയിൽ അവസ്ഥാപരിവർത്തനം സംഭവിക്കുന്നു. | • പരീക്ഷണം, നിരീക്ഷണം എന്നിവയിലൂടെ നിത്യജീവിത സന്ദർഭങ്ങളുമായി ബന്ധപ്പെടുത്തി ബാഷ്പീകരണം എന്തെന്ന് മനസ്സിലാക്കുന്നു. |
| • വാതകാവസ്ഥയിൽ തന്മാത്രകൾ വളരെ അകന്നു സ്ഥിതി ചെയ്യുന്നതിനാൽ വ്യാപ്തം കൂടുന്നു. വാതകങ്ങൾക്കു പരസ്പരം കലരാനുള്ള കഴിവാണ് ഡിഫ്യൂഷൻ.<br>• വാതകത്തിന്റെ വ്യാപ്തം അത് ഉൾക്കൊള്ളുന്ന പാത്രത്തിന്റെ വ്യാപ്തമായിരിക്കും. | • പരീക്ഷണം, ചർച്ച എന്നിവയിലൂടെ ഡിഫ്യൂഷൻ, ചലന സ്വാതന്ത്ര്യം എന്നിവ മനസ്സിലാക്കുന്നു. |
| • ഒരു പ്രതലത്തിൽ യൂണിറ്റ് വിസ്തീർണത്തിൽ അനുഭവപ്പെടുന്ന ബലമാണ് മർദം.<br>• ഖരം, ദ്രാവകം എന്നിവയുടെ വ്യാപ്തത്തിൽ താപം, മർദ്ദം എന്നിവകളിലെ വ്യത്യാസം കാര്യമായ മാറ്റം വരുത്തുന്നില്ല. വാതകത്തിന്റെ വ്യാപ്തത്തിൽ കാര്യമായ മാറ്റം സംഭവിക്കുന്നു. ഈ മാറ്റങ്ങളുടെ പഠനഫലമാണ് വാതകനിയമങ്ങൾ. | • പരീക്ഷണം, നിരീക്ഷണം, ചർച്ച എന്നിവയിലൂടെ വാതകങ്ങളുടെ വ്യാപ്തം, മർദം എന്നിവ ബോധ്യപ്പെടുന്നു. |
| ബോയിൽ നിയമം<br>• സ്ഥിര താപനിലയിൽ വാതകങ്ങളുടെ മർദവും വ്യാപ്തവും വ്യത്യാസപ്പെടുന്നത് മനസ്സിലാക്കുന്നു. ഗ്രാഫിക രീതിയിൽ ചിത്രീകരിക്കാൻ കഴിയുന്നു. നിത്യ ജീവിതത്തിൽ സമാന സന്ദർഭങ്ങൾ വിലയിരുത്തുന്നു. (സമവാക്യം ഉപയോഗിച്ചുള്ള ഗണിതക്രിയകൾ വേണ്ട.) | • പരീക്ഷണം, നിരീക്ഷണം, ചർച്ച തുടങ്ങിയവയിലൂടെ ദ്രാവകങ്ങൾ വാതകങ്ങളാകുമ്പോൾ ഉണ്ടാകുന്ന മാറ്റങ്ങൾ മനസ്സിലാക്കുന്നു. |
| ചാൾസ് നിയമം<br>• താപനില - വ്യാപ്തം ഇവ വേരിയബിൾ ആക്കി ഗ്രാഫുണ്ടാക്കുന്നു.<br>• ഗ്രാഫിൽ നിന്നും നേരിട്ട് $\frac{V_1}{T_1} = \frac{V_2}{T_2}$ എന്ന സമാക്യം രൂപീകരിക്കുന്നു. (Derivation വേണ്ടതില്ല.)<br>• സംയോജിത വാതക സമവാക്യം $\frac{P_1V_1}{T_1} = \frac{P_2V_2}{T_2}$ മാത്രം മതി. (Derivation, സമവാക്യം ഉപയോഗിച്ചുള്ള ഗണിതക്രിയകൾ ഇവ വേണ്ട.) | • ചിത്രം 1.7ലെ പരീക്ഷണത്തിന് കൂടുതൽ വ്യക്തത ലഭിക്കുവാൻ ഫ്ളാസ്ക്, നിർഗമനക്കുഴൽ, ബീക്കർ, ജലം തുടങ്ങിയവ ഉപയോഗിച്ചുള്ള പരീക്ഷണം ഉൾപ്പെടുത്തിയിരിക്കുന്നു. |
| • അവൊഗാഡ്രോ നിയമം | • ചർച്ച, റഫറൻസ്, ഐ.സി.റ്റി എന്നിവയിലൂടെ അവൊഗാഡ്രോ നിയമം ബോധ്യപ്പെടുന്നു. |

| ആശയങ്ങൾ | പ്രക്രിയ/പ്രവർത്തനങ്ങൾ |
|---|---|
| രാസപ്രവർത്തനങ്ങളുടെ വേഗത<br>• വേഗത കുറഞ്ഞതും വേഗത കൂടിയതുമായ രാസമാറ്റങ്ങൾ ഉണ്ട്. | • പരീക്ഷണങ്ങൾ, ചർച്ച എന്നിവയിലൂടെ രാസ പ്രവർത്തന വേഗത പരിചയപ്പെടുന്നു. |
| രാസപ്രവർത്തന വേഗതയെ സ്വാധീനിക്കുന്ന ഘടകങ്ങൾ<br>• രാസപ്രവർത്തന വേഗതയെ സ്വാധീനിക്കുന്ന പല ഘടകങ്ങൾ ഉണ്ട്.<br>• താപനില, മർദ്ദം, ഗാഢത, ഉൽപ്രേരകങ്ങൾ എന്നിവയിൽ മാറ്റം വരുത്തി വേഗത നിയന്ത്രിക്കാം.<br>• അഭികാരകങ്ങൾ പൊടിച്ചു ചേർക്കുമ്പോഴും ഇളക്കുമ്പോഴും രാസപ്രവർത്തന വേഗത കൂടുന്നു. | • പരീക്ഷണങ്ങൾ, ചർച്ച, പട്ടികവിശകലനം.<br>• Ph ET സോഫ്റ്റ്‌വെയർ ഉപയോഗിച്ച് നിരീക്ഷണം, ചർച്ച |
| ഗ്രാം അറ്റോമികമാസും ഗ്രാം മോളിക്യുലാർ മാസും<br>• വ്യത്യസ്ത മൂലകങ്ങളുടെ ആറ്റോമിക മാസിന് തുല്യം ഗ്രാം മൂലകം എടുത്താൽ അവയിൽ തുല്യഎണ്ണം ആറ്റങ്ങളാണ് ഉണ്ടാവുക.<br>• അറ്റോമിക മാസിന് തുല്യം ഗ്രാം ആണ് ഗ്രാം അറ്റോമിക മാസ് GAM, (ഗ്രാംആറ്റം)<br>• മോളികുലാർ മാസിന് തുല്യം ഗ്രാം ആണ്. ഗ്രാം മോളിക്യുലാർ മാസ്. GMM (ഗ്രാംമോൾ)<br>• ഗ്രാം അറ്റോമിക മാസ്, ഗ്രാം മോളിക്യുലാർ മാസ് ഇവയുടെ ആശയം മാത്രം.<br>(ഗണിത പ്രശ്നങ്ങൾ പരിഗണിക്കേണ്ടതില്ല.)<br>(മോളിക്യുലാർ മാസ് TB പട്ടിക 2.5 ഉൾപ്പെടുത്തിയിരിക്കുന്നു. | • ആശയങ്ങൾ മാത്രം |
| **മോൾ സങ്കല്പനം**<br>• ഏതൊരു പദാർഥത്തിന്റെയും ഒരു ഗ്രാം ആറ്റത്തിൽ/ഒരു ഗ്രാം മോളിൽ $6.022 \times 10^{23}$ എണ്ണം കണികകൾ ഉണ്ട്.<br>• ഈ സംഖ്യയെ അവൊഗാഡ്രോ സംഖ്യ എന്നുപറയുന്നു.<br>• $6.022 \times 10^{23}$ കണികകൾ ഉൾക്കൊള്ളുന്ന അളവിനെ 1 മോൾ എന്നുപറയുന്നു.<br>• അവൊഗാഡ്രോ നിയമവും മോൾ സങ്കൽപനവും എന്ന ഭാഗത്ത് ബോക്സിൽ നൽകിയിരിക്കുന്ന വിവരങ്ങൾ (മോളാർ വ്യാപ്തവും STPയും) മാത്രം.<br>(ഗണിത ക്രിയകൾ പരിഗണിക്കേണ്ടതില്ല.)<br>(ഗ്രാമിലുള്ള മാസ്, മോൾ സങ്കല്പനവും സമീകൃത രാസസമവാക്യങ്ങളും എന്നീ ഭാഗങ്ങൾ ഒഴിവാക്കിയിരിക്കുന്നു.) | • ചർച്ച, റഫറൻസ്, ഐ.സി.ടി. സാധ്യത, മോഡലുകൾ എന്നിവ ഉപയോഗപ്പെടുത്തി മോൾ എന്ന ആശയം പരിചയപ്പെടുന്നു. |

| ആശയങ്ങൾ | പ്രക്രിയ/പ്രവർത്തനങ്ങൾ |
|---|---|
| **പ്രമേയം- 3 : ഇലക്ട്രോൺ വിന്യാസവും പിരിയോഡിക് ടേബിളും** 14 പിരിയഡ്/ 10 മണിക്കൂർ | |
| • ആറ്റത്തിലെ ഇലക്ട്രോണുകൾ ക്രമീകരിച്ചിരിക്കുന്നത് വിവിധ ഷെല്ലുകളിലായാണ്.<br>• ഷെല്ലുകളിൽ s, p, d, f എന്നിങ്ങനെ ഉപഷെല്ലുകൾ ഉണ്ട്.<br>• ഉപഷെല്ലുകളുടെ എണ്ണം ഓരോ ഷെല്ലിന്റെയും ക്രമനമ്പറിനു തുല്യമാണ്.<br>• ഉപഷെല്ലുകളിലാണ് ഇലക്ട്രോൺ പൂരണം നടക്കുന്നത്. | • ആറ്റത്തിന്റെ ബോർ മാതൃകയുടെ വിശകലനം, ചർച്ച, പിരിയോഡിക് ടേബിൾ എന്നിവ ഉപയോഗപ്പെടുത്തി സബ്ഷെല്ലുകളെ കുറിച്ചുള്ള ധാരണ കൈവരിക്കുന്നു. |
| • ന്യൂക്ലിയസ്സിൽ നിന്ന് അകലും തോറും ഷെല്ലുകളിലും ഉപഷെല്ലുകളിലുമുള്ള ഇലക്ട്രോണുകളുടെ ഊർജനിലയിൽ മാറ്റം വരുന്നു. | • മുഖ്യ ഊർജനിലയിലും അതിൽ ഉൾക്കൊള്ളുന്ന സബ്ഷെല്ലുകളുടെ എണ്ണവും സബ്ഷെല്ലിൽ ഉൾക്കൊള്ളുന്ന പരമാവധി ഇലക്ട്രോണുകളുടെ എണ്ണവും കണ്ടെത്താൻ സാധിക്കുന്ന പട്ടിക. |
| • ഓരോ പിരിയഡിലും വരുന്ന മൂലക ആറ്റങ്ങളിലെ ഇലക്ട്രോണുകളെ ഉൾക്കൊള്ളാൻ കഴിയുംവിധം സബ്ഷെല്ലുകൾ ക്രമീകരിക്കപ്പെട്ടിരിക്കുന്നു.<br>s-2, p-6, d-10, f-14 | • സബ്ഷെല്ലുകളുടെ ഊർജം കൂടിവരുന്ന ക്രമം കണ്ടെത്താൻ സാഹായിക്കുന്ന ചിത്രീകരണം. |
| • അറ്റോമിക നമ്പറിന്റെ അടിസ്ഥാനത്തിൽ ഓരോ മൂലകത്തിന്റെയും സബ് ഷെൽ ഇലക്ട്രോൺ വിന്യാസം എഴുതാൻ കഴിയും.<br>• ഊർജം കൂടിവരുന്ന ക്രമത്തിലാണ് സബ്ഷെല്ലുകളിൽ ഇലക്ട്രോൺ നിറയുന്നത്.<br>• സബ് ഷെൽ ഇലക്ട്രോൺ വിന്യാസം അറ്റോമിക നമ്പർ 1 മുതൽ 20 വരെയുള്ള മൂലകങ്ങളുടെ മാത്രം. | • ഓരോ ഗ്രൂപ്പിലേയും പിരിയഡിലേയും മൂലകങ്ങളുടെ സബ് ഷെൽ ഇലക്ട്രോൺ വിന്യാസം വിശകലനം ചെയ്ത് സവിശേഷതകൾ കണ്ടെത്തുന്നു. |
| • ആറ്റത്തിലെ സബ് ഷെൽ ഇലക്ട്രോൺ വിന്യാസത്തിന്റെ അടിസ്ഥാനത്തിൽ പിരിയോഡിക് ടേബിളിൽ മൂലകങ്ങളെ s, p, d, f എന്നിങ്ങനെ 4 ബ്ലോക്കുകളായി തരംതിരിക്കാം.<br>d, f ബ്ലോക്കുകൾ പരിചയപ്പെടുക മാത്രം | • പിരിയോഡിക് ടേബിൾ ഉപയോഗപ്പെടുത്തിയുള്ള ചർച്ച, പട്ടികവിശകലനം. |
| • അവസാനം വന്നുചേരുന്ന ഇലക്ട്രോൺ ഏത് സബ് ഷെല്ലിൽ എന്നതിന്റെ അടിസ്ഥാനത്തിലാണ് ബ്ലോക്കുകൾ നിർണയിക്കുന്നത്.<br>• ബാഹ്യതമ ഷെല്ലിലെ സബ്ഷെൽ ഇലക്ട്രോൺ ക്രമീകരണം വിശകലനം ചെയ്ത് ഗ്രൂപ്പ്നമ്പർ, പിരിയഡ് നമ്പർ, ബ്ലോക്ക് എന്നിവ കണ്ടെത്താൻ കഴിയും. | • G പിരിയോഡിക്, Kalzium എന്നീ സോഫ്ട്വെയറുകൾ പരിചയപ്പെടുത്തൽ, ഐ.സി.ടി. |
| • s, p ബ്ലോക്ക് മൂലകങ്ങൾ പ്രാതിനിധ്യ മൂലകങ്ങൾ<br>• ഇവ ഗ്രൂപ്പിൽ ഗുണങ്ങളിൽ സമാനത കാണിക്കുന്നു. ഇലക്ട്രോൺ വിന്യാസത്തിലുള്ള സമാനതയാണ് ഇതിനു കാരണം.<br>• d ബ്ലോക്കിൽ വരുന്നവ സംക്രമണ മൂലകങ്ങളാണ്. | • പരീക്ഷണം, സംക്രമണ മൂലക സംയുക്തങ്ങളുടെ സാമ്പിളുകളുടെ പരിശോധന. |

| ആശയങ്ങൾ | പ്രക്രിയ/പ്രവർത്തനങ്ങൾ |
|---|---|
| • വ്യത്യസ്ത വാലൻസി കാണിക്കുന്നു.<br>• നിറമുള്ള സംയുക്തങ്ങൾ ഉണ്ടാക്കുന്നു. (d ബ്ലോക്ക് മൂലകങ്ങളുടെ ഇലക്ട്രോൺ വിന്യാസം പരിഗണിക്കേണ്ടതില്ല.)<br>• ലാൻഥനോണുകളും ആക്ടിനോണുകളും ഉൾപ്പെടുന്നവയാണ് f ബ്ലോക്ക് മൂലകങ്ങൾ<br>• കൃത്രിമ മൂലകങ്ങളാണ് കൂടുതൽ. U, Np, Pu, Th തുടങ്ങിയ റേഡിയോ ആക്ടീവ് മൂലകങ്ങൾ നമുക്ക് പ്രയോജനപ്പെടുന്നവയാണ്. | • ചർച്ച |
| • ആറ്റത്തിന്റെ വലിപ്പം.<br>• ഇലക്ട്രോ നെഗറ്റിവിറ്റി<br>• അയോണീകരണ ഊർജം<br>• ക്രിയാശീലത്തിലുണ്ടാകുന്ന മാറ്റം<br>• ഇലക്ട്രോ നെഗറ്റിവിറ്റി സ്കെയിൽ<br>• പോളാർ സ്വഭാവം | • പട്ടികവിശകലനം, വർക്ക്ഷീറ്റ്, ചർച്ച, ഐ.സി.ടി. സാധ്യത. |
| • ഗ്രൂപ്പിൽ താഴോട്ടും പിരിയഡിൽ ഇടത്തുനിന്ന് വലത്തോട്ടും ഗുണങ്ങളിൽ മാറ്റം വരുന്നു.<br>• ഗ്രൂപ്പിൽ താഴോട്ടു വരുമ്പോൾ അയോണീകരണ ഊർജം കുറയുന്നു. പിരിയഡിൽ ഇടത്തുനിന്ന് വലത്തോട്ടു പോകുമ്പോൾ അയോണികരണ ഊർജം കൂടുന്നു | • പട്ടിക വിശകലനം, വർക്ക്ഷീറ്റ്, ചർച്ച, ഐ.സി.ടി. സാധ്യത. |
| **പ്രമേയം- 4 : ലോഹങ്ങൾ** | **8 പിരിയഡ്/ 5 മണിക്കൂർ** |
| • ലോഹങ്ങൾ രാസപ്രവർത്തനത്തിൽ സാമ്യത കാണിക്കുന്നുണ്ട്. | • മുന്നറിവ് പരിശോധിക്കൽ |
| • ജലം, ഓക്സിജൻ, ആസിഡുകൾ ഇവയുമായി ലോഹങ്ങൾ പ്രവർത്തിക്കുന്നു.<br>ഓരോ ലോഹത്തിനും പ്രവർത്തനശേഷി വ്യത്യസ്തമാണ്. Na, K മുതലായ ലോഹങ്ങൾ ജലവുമായി തീവ്രമായി പ്രവർത്തിക്കുന്നു. ലോഹങ്ങൾ പലതും ആസിഡുകളുമായി പ്രവർത്തിച്ച് ഹൈഡ്രജൻ വാതകം ഉണ്ടാകുന്നു.<br>പരിസരങ്ങളിലെ പല രാസവസ്തുക്കളും ലോഹനാശനത്തിന് കാരണമാകുന്നു.<br>ലോഹങ്ങളെ അവയുടെ ക്രിയാശീലശേഷിയുടെ അടിസ്ഥാനത്തിൽ എഴുതാവുന്നതാണ്. ഇതാണ് റിയാക്ടിവിറ്റി സീരീസ്. | • പരീക്ഷണ, നിരീക്ഷണങ്ങൾ, ചർച്ച ഇവയിലൂടെ ലോഹങ്ങളുടെ വിവിധ രാസപ്രവർത്തനങ്ങൾ മനസ്സിലാക്കി ക്രിയാശീല ശ്രേണിയിൽ അവയുടെ സ്ഥാനം കണ്ടെത്തുന്നു. |
| • ലോഹങ്ങൾ അനുയോജ്യമായ സംയുക്തങ്ങളിൽ നിന്നും മൂലകങ്ങളെ ആദേശം ചെയ്യുന്നു. $CuSO_4$ ലായനിയിൽ നിന്നും Zn കോപ്പറിനെ ആദേശം ചെയ്യുന്നു. | • പരീക്ഷണം ചെയ്ത് ആദേശ രാസപ്രവർത്തനം മനസ്സിലാക്കുന്നു. |
| • ക്രിയാശീലശ്രേണിയിൽ മുകളിലുള്ള ലോഹങ്ങൾ താഴെയുള്ള ലോഹങ്ങളെ അവയുടെ ലവണ ലായനിയിൽ നിന്നും ആദേശം ചെയ്യുന്നു.<br>Zn - $CuSO_4$ ലായനി; Fe - $CuSO_4$ ലായനി<br>Mg - $FeSO_4$ ലായനി | • Zn - $CuSO_4$ ലായനി<br>Fe - $CuSO_4$ ലായനി<br>Mg - $FeSO_4$ ലായനി<br>പരീക്ഷണങ്ങൾ ചെയ്യുന്നു. |

| ആശയങ്ങൾ | പ്രക്രിയ/പ്രവർത്തനങ്ങൾ |
|---|---|
| • സിങ്കിനുമുകളിൽ കോപ്പർ പറ്റിപിടിക്കുന്നു. ലായനിയിലെ $Cu^{2+}$ അയോണിന് സിങ്കിൽ നിന്ന് ഇലക്ട്രോണുകൾ ലഭിക്കുന്നു. സിങ്ക് ഇലക്ട്രോണുകൾ വിട്ടുകൊടുക്കുന്നു.<br>$Zn \rightarrow Zn^{2+} + 2e-$<br>$Cu^{2+} + 2e- \rightarrow Cu$<br><br>ഇലക്ട്രോണുകൾ വിട്ടുകൊടുക്കുന്ന പ്രവർത്തനമാണ് ഓക്സീകരണം. ഇലക്ട്രോണുകൾ സ്വീകരിക്കുന്ന പ്രവർത്തനമാണ് നിരോക്സീകരണം. ഓക്സീകരണവും നിരോക്സീകരണവും ഒന്നിച്ചു നടക്കുന്ന പ്രവർത്തനമാണ് റിഡോക്സ് പ്രവർത്തനം. | • ചർച്ച, ഐ.ടി സാധ്യതകൾ ഉപയോഗപ്പെടുത്തി ഇലക്ട്രോൺ കൈമാറ്റ പ്രവർത്തനം മനസ്സിലാക്കുന്നു. |
| • ഗാൽവനിക് സെൽ നിർമിക്കുന്നു.<br>വോൾട്ടേജ് അളക്കുന്നു. ഓക്സീകരണം, നിരോക്സീകരണം നടക്കുന്ന ഇലക്ട്രോഡ് കണ്ടെത്തുന്നു. ഓക്സീകരണം നടക്കുന്ന ഇലക്ട്രോഡാണ് ആനോഡ്. നിരോക്സീകരണം നടക്കുന്ന ഇലക്ട്രോഡാണ് കാഥോഡ്. വ്യത്യസ്ത ഇലക്ട്രോഡുകൾ ചേർത്ത് സെൽ നിർമ്മിക്കുന്നു. അവയിൽ നിന്നും ലഭിക്കുന്ന വോൾട്ടേജ് വ്യത്യസ്തമായിരിക്കും. ആക്ടിവിറ്റി കൂടിയ ലോഹം ആനോഡും കുറഞ്ഞത് കാഥോഡുമായി പ്രവർത്തിക്കുന്നു. | • വിവിധ സെല്ലുകൾ നിർമിക്കുന്നു. ഐ.സി.റ്റി സാധ്യതകൾ ഉപയോഗപ്പെടുത്തുന്നു.<br><br>• ലോഹ അയിരുകൾ അടങ്ങിയ പട്ടിക വിശകലനം, ചർച്ച. |
| • ഭൂരിഭാഗം ലോഹങ്ങളും സംയുക്തങ്ങളായാണ് കാണപ്പെടുന്നത്. റിയാക്ടിവിറ്റി കുറഞ്ഞ ലോഹങ്ങളാണ് Au, Pt മുതലായവ, പ്രകൃതിയിൽ സ്വതന്ത്രമായി കാണപ്പെടുന്നു. റിയാക്ടിവിറ്റി കൂടിയ ലോഹങ്ങൾ സ്ഥിരത കൂടിയ സംയുക്തങ്ങൾ ഉണ്ടാക്കുന്നു. ഭൂവൽക്കത്തിൽ കാണപ്പെടുന്ന ലോഹ സംയുക്തങ്ങളാണ് ധാതുക്കൾ. എളുപ്പത്തിൽ ലോഹം വേർതിരിക്കാവുന്ന ധാതുവാണ് അയിര് എന്ന് അറിയപ്പെടുന്നത്.<br>• അയിരിനെ ശുദ്ധീകരിക്കാൻ വിവിധ മാർഗങ്ങൾ ഉണ്ട്. ശുദ്ധീകരിച്ച അയിരിൽ നിന്നും ലോഹം വേർതിരിക്കുന്നത് നിരോക്സീകരണ പ്രവർത്തനങ്ങൾ വഴിയാണ്. ക്രിയാശീലത ഏറ്റവും കൂടിയ ലോഹങ്ങളെ വൈദ്യുതി ഉപയോഗിച്ച് നിരോക്സീകരിക്കുന്നു.<br>ക്രിയശീലത കുറഞ്ഞ ലോഹങ്ങളായ Fe, Zn ഇവയെ കാർബൺ, കാർബൺമോണോക്സൈഡ് എന്നിവ ഉപയോഗിച്ച് നിരോക്സീകരിക്കുന്നു.<br>• ബോക്സൈറ്റിനെ ലീച്ചിംഗ് പ്രവർത്തനം വഴി ശുദ്ധീകരിച്ച് $Al_2O_3$ ആക്കി മാറ്റുന്നു. | • ചർച്ച, നിർമാണരീതി, ചിത്രീകരിച്ച ചാർട്ടുകൾ വിശകലനം ചെയ്യുന്നു. |



https://www.freshersnow.com/category/govt-boards/board-syllabus/

| ആശയങ്ങൾ | പ്രക്രിയ/പ്രവർത്തനങ്ങൾ |
|---|---|
| $Al_2O_3$ യെ ഉരുകിയ ക്രയോലൈറ്റിൽ ചേർത്ത് വൈദ്യുത വിശ്ലേഷണം ചെയ്ത് അലൂമിനിയം നിർമിക്കുന്നു. | |
| • അയണിന്റെ അയിരുകൾ ഏതൊക്കെയാണെന്ന് മനസ്സിലാക്കുന്നു. | • ചർച്ച, ഐ.സി.ടി., സാധ്യതകൾ ഉപയോഗിക്കുന്നു. ചാർട്ടുകൾ വിശകലനം ചെയ്യുന്നു. |
| • ഹേമറ്റൈറ്റിന്റെ സാന്ദ്രണം മനസ്സിലാക്കുന്നു. സാന്ദ്രണം ചെയ്ത അയിര് കാൽസിനേഷനു ശേഷം ബ്ലാസ്റ്റ് ഫർണസിൽ വച്ച് CO ഉപയോഗിച്ച് നിരോക്സീകരിക്കുന്നു. ലഭിക്കുന്ന ലോഹത്തിൽ മാലിന്യങ്ങൾ ചേർന്നിട്ടുണ്ടാകും. അതിനെ സ്റ്റീൽ ആക്കി മാറ്റുന്നു. ഇരുമ്പും കാർബണും അടങ്ങിയ ലോഹസങ്കരമാണ് സ്റ്റീൽ. വിവിധ തരത്തിൽ സ്റ്റീലുകളുണ്ട്. | • ഇരുമ്പിന്റെ നിർമാണം–ഫ്ളോചാർട്ട് വിശകലനം |
| • ലോഹസങ്കരങ്ങൾക്ക് ഘടക ലോഹങ്ങളേക്കാൾ ഉള്ള മേന്മകൾ മനസ്സിലാക്കുന്നു. ചില ലോഹസങ്കരങ്ങളുടെ ഘടകങ്ങളും ഉപയോഗവും മനസ്സിലാക്കുന്നു. | • ചർച്ച, പട്ടികാവിശകലനം, ചാർട്ടുകൾ |
| **പ്രമേയം– 13 : ചില അലോഹ സംയുക്തങ്ങൾ** | **8 പിരിയഡ്/ 6 മണിക്കൂർ** |
| • അന്തരീക്ഷത്തിൽ ഏറ്റവും കൂടുതൽ അടങ്ങിയിരിക്കുന്ന വാതകം നൈട്രജൻ ആണ്. | • ചർച്ച |
| • അമോണിയ, രാസവളങ്ങൾ, നൈട്രിക് ആസിഡ്, നൈട്രേറ്റുകൾ എന്നിവയാണ് നൈട്രജന്റെ പ്രധാന സംയുക്തങ്ങൾ. | • ചർച്ച, വിശകലനം |
| • അലോഹ മൂലകങ്ങളിലൊന്നായ നൈട്രജൻ അടങ്ങിയ സംയുക്തമാണ് അമോണിയ അമോണിയ പരീക്ഷണശാലയിൽ നിർമിക്കാൻ കഴിയും. $NH_4Cl + Ca(OH)_2 \rightarrow CaCl_2 + H_2O + NH_3$ | • അമോണിയയുടെ പരീക്ഷണശാലയിലെ നിർമാണം കാണിക്കുന്നു. |
| • ഹേബർ പ്രക്രിയ വഴിയാണ് അമോണിയ വ്യാവസായികമായി നിർമിക്കുന്നത്. $N_2 + 3H_2 \xrightleftharpoons{\text{ഇരുമ്പ്}} 2NH_3$ ഇരുമ്പ് ഉൽപ്രേരകമായി ഉപയോഗിക്കുന്നു. | • ഫ്ളോ ചാർട്ട് വിശകലനം |
| • ഏകദിശാ പ്രവർത്തനങ്ങളിൽ അഭികാരകങ്ങൾ പൂർണമായും ഉല്പ്പന്നങ്ങളായി മാറുന്നു. ഉഭയദിശാ പ്രവർത്തനങ്ങളിൽ മാറുന്നില്ല. | • ചർച്ച, പരീക്ഷണം, നിരീക്ഷണം, വിശകലനം, ക്രോഡീകരണം. |
| • അഭികാരകങ്ങൾ ഉല്പ്പന്നങ്ങളായും, ഉല്പ്പന്നങ്ങൾ അഭികാരകങ്ങളായും മാറുന്നു. | • ചർച്ച, പരീക്ഷണം, നിരീക്ഷണം, വിശകലനം |

| ആശയങ്ങൾ | പ്രക്രിയ/പ്രവർത്തനങ്ങൾ |
| --- | --- |
| • ലേ ഷാറ്റ്ലിയർ തത്വം (അമോണിയയുടെ വ്യാവസായിക നിർമാണത്തിൽ ലേ-ഷാറ്റ്ലിയർ തത്വം എങ്ങനെ പ്രയോജനപ്പെടുത്തുന്നു എന്ന ഭാഗം വേണ്ടതില്ല.) | • ചർച്ച, വിശകലനം എന്നിവയിലൂടെ ലേഷാറ്റ്ലിയർതത്വം മനസ്സിലാക്കുന്നു. |
| • "രാസപദാർഥങ്ങളുടെ രാജാവ്" എന്ന നിലയിൽ സൾഫ്യൂറിക് ആസിഡ് അറിയപ്പെടുന്നു.<br>• നിരവധി ഉപയോഗങ്ങൾ | • ചർച്ച, വിശകലനം |
| • സൾഫ്യൂറിക് ആസിഡിന്റെ വ്യാവസായിക നിർമാണത്തിൽ ഉഭയദിശാ പ്രവർത്തനങ്ങൾ അടങ്ങിയിരിക്കുന്നു.<br>• സമ്പർക്ക പ്രക്രിയ വഴിയാണ് സൾഫ്യൂറിക് ആസിഡ് വ്യാവസായികമായി നിർമിക്കുന്നത്.<br>• വനേഡിയം പെന്റോക്സൈഡ് ഉത്പ്രേരകമായി ഉപയോഗിക്കുന്നു. | • ഫ്ളോചാർട്ട് വിശദീകരണം വഴി സമ്പർക്ക പ്രക്രിയാഘട്ടങ്ങൾ പരിചയപ്പെടുന്നു. |
| • ജലവുമായി പ്രതിപത്തി കാണിക്കുന്ന ആസിഡാണ് സൾഫ്യൂറിക് ആസിഡ്. അതുകൊണ്ട് ഇതൊരു നിർജലീകാരകം (dehydrating agent) ആണ്.<br>• ശോഷകാരകം (drying agent) ആണ്.<br>• സൾഫ്യൂറിക് ആസിഡിന്റെ വിവിധ ഉപയോഗങ്ങൾ മനസ്സിലാക്കുന്നു. | • പഞ്ചസാര, $CuSO_4.5H_2O$ ഇവയിൽ സൾഫ്യൂറിക് ആസിഡ് ഒഴിച്ചുള്ള പരീക്ഷണം കാണിക്കാം. |
| • ബാഷ്പശീലമുള്ള ആസിഡുകളായ നൈട്രിക് ആസിഡ്, ഹൈഡ്രോ ക്ലോറിക് ആസിഡ് എന്നിവ $H_2SO_4$ ഉപയോഗിച്ച് നിർമിക്കാൻ കഴിയും.<br>• $2NaCl + H_2SO_4$ $Na_2SO_4 + 2HCl$.<br>• $2NaNO_3 + H_2SO_4$ $Na_2SO_4 + 2HNO_3$ | • പരീക്ഷണം<br>• നിരീക്ഷണം<br>• വിശകലനം<br>• ക്രോഡീകരണം |
| • ചില സംയുക്തങ്ങളിലെ ആനയോണുകളാണ് സൾഫേറ്റ്, നൈട്രേറ്റ്, ക്ലോറൈഡ് എന്നിവ<br>• ബേരിയം ക്ലോറൈഡ് ലായനി ഉപയോഗിച്ച് സൾഫേറ്റും, ബ്രൗൺ റിംഗ് ടെസ്റ്റ് വഴി നൈട്രേറ്റും, സിൽവർ നൈട്രേറ്റ് ഉപയോഗിച്ച് ക്ലോറൈഡും തിരിച്ചറിയാം. | • ചർച്ച, വിശകലനം ഉദാഹരണങ്ങൾ<br>• ചർച്ച<br>• പരീക്ഷണം<br>• നിരീക്ഷണം<br>• വിശകലനം<br>• ക്രോഡീകരണം |

| ആശയങ്ങൾ | പ്രക്രിയ/പ്രവർത്തനങ്ങൾ |
|---|---|
| **പ്രമേയം– 14 : ഓർഗാനിക് സംയുക്തങ്ങൾ : നാമകരണവും ഐസോമെറിസവും** | **8 പിരിയഡ്/ 6 മണിക്കൂർ** |
| • അടുത്തടുത്ത രണ്ടംഗങ്ങൾ തമ്മിൽ $CH_2$ ഗ്രൂപ്പിന്റെ വ്യത്യാസം | • പട്ടിക വിശകലനം ചർച്ച ക്രോഡീകരണം |
| • പൊതു സമവാക്യമുപയോഗിച്ച് സൂചിപ്പിക്കാം. | |
| • ഭൗതിക ഗുണങ്ങളിൽ അനുക്രമമായ മാറ്റം | |
| • രാസഗുണങ്ങളിൽ സാദൃശ്യം. | |
| • ഇവ ഹോമലോഗസ് സീരീസാണ്. | |
| • ആൽക്കീൻ, ആൽക്കൈൻ എന്നിവയിലും ഹോമലോഗസ് സീരിസ് സാധ്യമാണ്. | • പട്ടിക വിശകലനം, ചർച്ച, ക്രോഡീകരണം |
| • ഐസോമെറുകൾ (ആശയം) മാത്രം | • ചർച്ച, വിശകലനം, ചാർട്ട് അപഗ്രഥനം |
| • IUPAC നാമകരണ രീതിയനുസരിച്ചാണ് കാർബണിക സംയുക്തങ്ങൾക്ക് പേര് നൽകുന്നത്. | |
| • IUPAC രീതിയനുസരിച്ച് ഇവയ്ക്ക് പേരു നൽകാം.<br>(ഒന്നിലേറെ ശാഖകളുള്ള ആൽക്കെയ്നുകളുടെ നാമകരണം വ്യത്യസ്ത ആൽക്കൈൽ റാഡിക്കലുകൾ ശാഖകളായുള്ള ആൽക്കെയ്നുകളുടെ നാമകരണം ഈ ഭാഗങ്ങൾ വേണ്ടതില്ല.) | • ചർച്ച, ക്രോഡീകരണം<br>• ചാർട്ട് വിശകലനം, താരതമ്യം ചെയ്യൽ, ക്രോഡീകരണം, മോഡലുകൾ നിർമ്മിക്കൽ |
| • ഹൈഡ്രോ കാർബണുകളിലെ ഹൈഡ്രജൻ ആറ്റത്തെ മറ്റ് ആറ്റങ്ങളോ, ഗ്രൂപ്പുകളോ ആദേശം ചെയ്യുമ്പോൾ തികച്ചും വ്യത്യസ്തങ്ങളായ സംയുക്തങ്ങൾ ഉണ്ടാകുന്നു. | • ചാർട്ട്, ചർച്ച, ക്രോഡീകരണം |
| • പ്രധാന ഫംങ്ഷണൽ ഗ്രൂപ്പുകൾ, -F, -Cl, -Br, -I, -OH, -COOH, - CHO, -CO, $-NH_2$, $-NO_2$ എന്നിവയാണ്. പട്ടിക 14.4 മാത്രം.<br>(ഫങ്ഷണൽ ഗ്രൂപ്പുകൾ അടങ്ങിയിട്ടുള്ള സംയുക്തങ്ങളുടെ നാമകരണം, ഐസോമെറിസം ഇവ വേണ്ടതില്ല.) | • Ghemical software ഉപയോഗപ്പെടുത്തുന്നു |
| **പ്രമേയം– 15 : ഓർഗാനിക് സംയുക്തങ്ങൾ രാസപ്രവർത്തനങ്ങൾ** | **6 പിരിയഡ്/ 4മണിക്കൂർ** |
| • ഓർഗാനിക് സംയുക്തങ്ങൾ അവയുടെ സ്വഭാവമനുസരിച്ച് ആദേശരാസപ്രവർത്തനം, ജ്വലനം, തെർമൽ ക്രാക്കിംഗ്, പോളിമെറൈസേഷൻ എന്നീ പ്രവർത്തനങ്ങൾക്കു വിധേയമാണ്. | • ചർച്ച വിശകലനം<br>• ചാർട്ട് വിശകലനം, ചർച്ച, ക്രോഡീകരണം |
| • പൂരിത ഹൈഡ്രോകാർബണുകൾ ആദേശരാസപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.<br>$CH_4$ $C_2H_6$ | • ചർച്ച, ചാർട്ട് അപഗ്രഥനം, മോഡലുകൾ നിർമ്മിക്കൽ |
| • ഹൈഡ്രോ കാർബണുകൾ വായുവിൽ കത്തി $CO_2$, $H_2O$ എന്നിവ ഉണ്ടാകുന്നു. | • പരീക്ഷണ നിരീക്ഷണം, നിഗമനം രൂപീകരിക്കൽ, ക്രോഡീകരണം |
| • ബൃഹത് തന്മാത്രകൾ ലഘു ഘടകങ്ങളായി വിഘടിക്കുന്നു. മണ്ണെണ്ണ, ഡീസൽ എന്നിവയെ പെട്രോൾ ആക്കിമാറ്റാൻ ഇത്തരം രാസപ്രർത്തനങ്ങൾ ഉപയോഗിക്കുന്നു. | • ചർച്ച, ചാർട്ട് വിശകലനം, മോഡലുകൾ വിലയിരുത്തൽ |

| ആശയങ്ങൾ | പ്രക്രിയ/പ്രവർത്തനങ്ങൾ |
|---|---|
| • ലഘുതന്മാത്രകൾ (മോണോമെറുകൾ) തമ്മിൽ ചേർന്നു സങ്കീർണ്ണമായ തന്മാത്രകൾ ഉണ്ടാകുന്ന പ്രവർത്തനമാണ് പോളിമെറൈസേഷൻ. | • മോഡലുകൾ നിർമ്മിക്കൽ ചർച്ച, ചാർട്ട് അപഗ്രഥനം, ക്രോഡീകരണം. |
| • ആൽക്കഹോളുകൾ ആസിഡുകൾ എന്നിവ വളരെ പ്രധാനപ്പെട്ട കാർബണിക സംയുക്തങ്ങൾ ആണ്. | • ചർച്ച, വിശകലനം |
| • എഥനോൾ | • ചർച്ച<br>വിശകലനം |
| • പഞ്ചസാര ലായനിയുടെ ഫെർമെന്റേഷൻ വഴി എഥനോൾ നിർമ്മിക്കുന്നു. | • ചർച്ച |
| ഉപയോഗങ്ങൾ<br>• ലായകമായി<br>• പ്രിസർവേറ്റീവായി<br>• ബിവറേജായി<br>• പെയിന്റ്, വാർണിഷ് നിർമാണം<br>• മരുന്ന് നിർമാണം. | • ചർച്ച, ചാർട്ട് അപഗ്രഥനം |
| • എഥനോളിന്റെ ദുരുപയോഗം തടയുന്നതിന്. എഥനോളിൽ വിഷപദാർത്ഥങ്ങൾ ചേർക്കുന്നു.<br>• വ്യത്യസ്ത ഉപയോഗങ്ങൾ | • ചർച്ച, വിശകലനം |
| • വിനാഗിരിയായി | മോഡലുകൾ നിർമ്മിക്കൽ |
| • ആൽക്കഹോളുകളും ആസിഡുകളും തമ്മിൽ പ്രവർത്തിച്ച് എസ്റ്ററുകൾ ഉണ്ടാകുന്നു. | • പരീക്ഷണം, നിരീക്ഷണം |
| • പഴസത്തുകൾ കൃത്രിമമായി നിർമ്മിക്കാൻ സുഗന്ധദ്രവ്യങ്ങൾ നിർമ്മിക്കാൻ | • ചർച്ച, ചാർട്ട് വിശകലനം ICT |
| • ഫാറ്റി ആസിഡുകൾ ആൽക്കലികളുമായി പ്രവർത്തിക്കുമ്പോളുണ്ടാകുന്ന ലവണമാണ് സോപ്പ്. | • പരീക്ഷണം, നിരീക്ഷണം |
| **പ്രമേയം– 16 : രസതന്ത്രം നിത്യജീവിതത്തിൽ** | **8 പിരിയഡ്/ 6 മണിക്കൂർ** |
| • രോഗ പ്രതിരോധം, ചികിത്സ, അണുനാശനം തുടങ്ങിയ മേഖലകളിൽ ഉപയോഗിക്കുന്ന ഔഷധങ്ങൾ രാസപദാർത്ഥങ്ങൾ അടങ്ങിയവയാണ്.<br>• രസതന്ത്രത്തിന്റെ സഹായത്തോടെ വികസിപ്പിച്ചെടുക്കുന്ന ഔഷധങ്ങൾ ആരോഗ്യ സുരക്ഷ ഉറപ്പുവരുത്തുവാൻ സാധിച്ചു. | • ചർച്ച. റഫറൻസ്<br>പട്ടിക പൂർത്തീകരണം എന്നിവയിലൂടെ മെഡിക്കൽ രംഗത്തെ രസതന്ത്രത്തിന്റെ പങ്ക് മനസ്സിലാക്കുന്നു |
| • ഔഷധങ്ങളുടെ പ്രവർത്തനത്തിനനുസരിച്ച് അനാൾജസിക്കുകൾ, ആന്റിപൈറെറ്റിക്കുകൾ, ആന്റിസെപ്റ്റിക്കുകൾ, ആന്റാസിഡുകൾ, ആന്റിബയോട്ടിക്കുകൾ എന്നിങ്ങനെ വർഗ്ഗീകരിക്കാം. | • ചർച്ച, പട്ടികവിശകലനം എന്നിവയിലൂടെ ഔഷധങ്ങളെ വർഗ്ഗീകരിക്കുന്നു. |
| • കൃത്യമായ രോഗ നിർണ്ണയം നടത്താതെ സ്വയം ചികിത്സ നടത്തുന്നത് അപകടകരമാണ്. | • ചർച്ച, ഇന്റർവ്യൂ, റിപ്പോർട്ട് തയ്യാറാക്കൽ എന്നിവയിലൂടെ ആരോഗ്യ രംഗത്തെ അനാരോഗ്യ പ്രവണതകൾ തിരിച്ചറിയുന്നു. |


| ആശയങ്ങൾ | പ്രക്രിയ/പ്രവർത്തനങ്ങൾ |
|---|---|
| • വൈദ്യശാസ്ത്രരംഗത്തും നിത്യജീവിതത്തിലും പ്ലാസ്റ്റിക് വസ്തുക്കൾ ധാരാളമായി ഉപയോഗിക്കുന്നു. വിലക്കുറവ്, ഈട്നിൽക്കൽ, ഭാരക്കുറവ് തുടങ്ങിയ ധാരാളം കാരണങ്ങൾ കൊണ്ട് പ്ലാസ്റ്റിക് വസ്തുക്കൾ കൂടുതൽ ഉപയോഗിക്കുന്നു. | |
| • പ്ലാസ്റ്റിക് ഉപയോഗം ഗുണത്തോടൊപ്പം പ്രശ്നങ്ങളും ഉണ്ടാക്കുന്നുണ്ട്. പാരിസ്ഥിതിക പ്രശ്നങ്ങൾക്ക് പ്രധാന കാരണം പ്ലാസ്റ്റിക്കിന്റെ ദുര്യോപയോഗമാണ്.<br>• പോളിമെറൈസ് ചെയ്തുണ്ടാക്കുന്ന പോളിമറാണ് പ്ലാസ്റ്റിക്. | • ചർച്ച, റഫറൻസ്, വായനാകുറിപ്പ് ലേഖനം തയ്യാറാക്കൽ തുടങ്ങിയവയിലൂടെ പ്ലാസ്റ്റിക്കിന്റെ ഗുണങ്ങളും അവയുണ്ടാക്കുന്ന പാരിസ്ഥിതിക പ്രശ്നങ്ങളും തിരിച്ചറിയുന്നു. |
| • തെർമോ പ്ലാസ്റ്റിക്, തെർമോ സെറ്റിംഗ് പ്ലാസ്റ്റിക്, എന്നിങ്ങനെ തരം തിരിക്കാം.<br>• Recycle, Reduce, Refuse രസതന്ത്രത്തിന്റെ സാങ്കേതിക വിദ്യകൾ എന്നിവയിലൂടെ പ്ലാസ്റ്റിക് മലിനീകരണം കുറയ്ക്കാം | • പരീക്ഷണം നിരീക്ഷണം എന്നിവയിലൂടെ പ്ലാസ്റ്റികിനെ തരം തിരിക്കുന്നു |
| • ഭക്ഷ്യധാന്യോൽപ്പാദനത്തിലും ശേഖരണത്തിലും കീടങ്ങളെ നശിപ്പിക്കേണ്ടി വരുന്നു. ഭക്ഷ്യധാന്യങ്ങളുടെ ആവശ്യം കൂടിയപ്പോൾ ജൈവ കീടനാശിനികൾ കൂടാതെ രാസകീടനാശിനികൾ ഉപയോഗിച്ചു. | • ചർച്ച, ഗ്രൂപ്പ് പ്രവർത്തനം, വായനകുറിപ്പ്, കുറിപ്പ് തയ്യാറാക്കൽ |
| • ജലമലിനീകരണം, വായുമലിനീകരണം രോഗങ്ങൾ തുടങ്ങി ഒട്ടനവധി പ്രശ്നങ്ങൾ ഉണ്ടാക്കുന്നു | • പ്രോജക്ട് പ്രവർത്തനത്തിലൂടെ കീടനാശിനി ഉണ്ടാക്കുന്ന പ്രശ്നങ്ങളെ കണ്ടെത്തുന്നു. |
| • കളിമണ്ണ്, ചുണ്ണാമ്പ്കല്ല്, ജിപ്സം എന്നിവയാണ് പ്രധാന അസംസ്കൃത വസ്തുക്കൾ<br>മണൽ, ലൈം സ്റ്റോൺ, സോഡാ ആഷ് എന്നിവ ചൂടാക്കിയാണ് ഗ്ലാസ് നിർമ്മിക്കുന്നത്.<br>ഫൈബർഗ്ലാസ്, സേഫ്റ്റി ഗ്ലാസ്, സോഡാഗ്ലാസ്, ഹാർഡ് ഗ്ലാസ്, ബോറോസിലിക്കേറ്റ് ഗ്ലാസ്, നിറമുള്ള ഗ്ലാസ്. | • ചിത്ര വിശകലനം, ചർച്ച എന്നിവയിലൂടെ സിമന്റ് നിർമ്മാണ രീതി മനസ്സിലാക്കുന്നു.<br>• പട്ടിക വിശകലനത്തിലൂടെ വിവിധ തരം ഗ്ലാസുകൾ തിരിച്ചറിയുന്നു |
| • ശാസ്ത്രം കൈകാര്യം ചെയ്യുന്ന വിവേകമില്ലാത്ത രീതികൾ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നുണ്ട് | |
| • ഇങ്ങനെയുണ്ടാകുന്ന പ്രശ്നങ്ങളെ ശാസ്ത്ര സാങ്കേതിക വിദ്യ ഉപയോഗിച്ച് പരിഹരിക്കുവാൻ മാർഗ്ഗങ്ങളുണ്ട്.<br>• പരിസ്ഥിതി സൗഹാർദ്ദ ഉൽപ്പന്നങ്ങളുടെ നിർമ്മാണം ലക്ഷ്യമാക്കി പുതിയ ശാസ്ത്ര ശാഖ ഉണ്ടായിട്ടുണ്ട് - ഗ്രീൻ കെമിസ്ടി. | • ചർച്ച, റഫറൻസ്, വായനകുറിപ്പ് എന്നിവയിലൂടെ ഗ്രീൻ കെമിസ്ട്രിയുടെ പ്രാധാന്യം തിരിച്ചറിയുന്നു. |

# ഒഴിവാക്കിയ/ഉൾപ്പെടുത്തിയ ഭാഗങ്ങൾ

ടെക്സ്റ്റ് ബുക്ക്, ഹാന്റ് ബുക്ക്, സിലബസ് ഗ്രിഡ് എന്നിവ അതേ രീതിയിൽ പിന്തുടരുന്നു. ഭാഗം 1 ലെ ലോഹങ്ങൾ (അദ്ധ്യായം 4) ഭാഗം 2 ലെ രസതന്ത്രം നിത്യജീവിതത്തിൽ (അദ്ധ്യായം 16) എന്നീ യൂണിറ്റിലെ ആശയങ്ങൾ അതേപടി നിലനിർത്തുന്നു. മറ്റുള്ള അദ്ധ്യായങ്ങളിൽ Hearing Impaired കുട്ടികൾക്ക് വിനിമയം ചെയ്യുവാൻ പ്രയാസമുള്ള ആശയങ്ങൾ താഴെപ്പറയുന്ന രീതിയിൽ ക്രമീകരിച്ചിരിക്കുന്നു.

## ഭാഗം–1

### അദ്ധ്യായം 1 വാതകാവസ്ഥ

| ആശയങ്ങൾ/പ്രവർത്തനങ്ങൾ<br>(മാറ്റേണ്ട ഭാഗം) | ഉൾപ്പെടുത്തിയ പഠനപ്രവർത്തനം |
|---|---|
| 1 വാതകത്തിന്റെ താപനില വർദ്ധിക്കുമ്പോൾ വ്യാപ്തം വർദ്ധിക്കുന്ന പരീക്ഷണം (ടി.ബി ചിത്രം 1.7) | ചിത്രം 1.7 ലെ പരീക്ഷണത്തിന് കൂടുതൽ വ്യക്തത ലഭിക്കുവാൻ താഴെകൊടുത്തിരിക്കുന്ന പരീക്ഷണം കൂടി ഉൾപ്പെടുത്താവുന്നതാണ്.<br><br><br>• ഫ്ളാസ്ക് ചൂടാക്കുമ്പോൾ കുഴലിലെ നിറമുള്ള ദ്രാവകത്തുള്ളി പുറത്തേക്ക് നീങ്ങുന്നു. ഫ്ളാസ്ക് തണുപ്പിക്കുമ്പോൾ ദ്രാവകത്തുള്ളി തിരിച്ച് ഉള്ളിലേക്ക് നീങ്ങുന്നു. |
| 2 ബോയിൽ നിയമത്തിന്റെയും ചാൾസ് നിയമത്തിന്റെയും സമവാക്യം ഉപയോഗിച്ചുള്ള പ്രശ്ന നിർദ്ധാരണം. | • ബോയിൽ നിയമം മാത്രം മതിയാകും<br>• ചാൾസ് നിയമം $\left(\frac{V_1}{T_1}=\frac{V_2}{T_2}\right)$ മാത്രം മതിയാകും |
| 3 സംയോജിത വാതകസമവാക്യം ഉപയോഗിച്ചുള്ള പ്രശ്നനിർദ്ധാരണം | • സംയോജിത വാതകസമവാക്യം മാത്രം മതി |
| **അദ്ധ്യായം 2– രാസപ്രവർത്തനങ്ങളും മോൾ സങ്കൽപ്പനവും** | |
| 1 ഗ്രാം അറ്റോമിക മാസ്, ഗ്രാം മോളിക്യൂലാർ മാസ്, അവഗാഡ്രോ നമ്പർ എന്നിവ പരസ്പരം ബന്ധപ്പെടുത്തിയുള്ള പ്രശ്നനിർധാരണം, മോൾ സങ്കല്പനവും സമീകൃത രാസ സമവാക്യങ്ങളും. | • ഗ്രാം അറ്റോമികമാസ്, ഗ്രാം മോളിക്യുലാർ മാസ്, അവൊഗാഡ്രോ നമ്പർ എന്നീ ആശയങ്ങൾ മാത്രം. |

| ആശയങ്ങൾ/പ്രവർത്തനങ്ങൾ (മാറ്റേണ്ട ഭാഗം) | ഉൾപ്പെടുത്തിയ പഠനപ്രവർത്തനം |
|---|---|
| **അദ്ധ്യായം 3– ഇലക്ട്രോൺ വിന്യാസവും പീരിയോഡിക് ടേബിളും** | |
| • d ബ്ലോക്ക് മൂലകങ്ങളുടെ സബ്ഷെൽ ഇലക്ട്രോൺ വിന്യാസം | • d, f ബ്ലോക്കുകൾ പരിചയപ്പെടുത്തുക മാത്രം.<br>• d ബ്ലോക്ക് മൂലകങ്ങളുടെ സ്ഥാനം, സവിശേഷതകൾ<br>• G-periodic, Kalzium software കൾ ഉപയോഗപ്പെടുത്തുന്നു. |
| **അദ്ധ്യായം 4– ലോഹങ്ങൾ** | |
| എല്ലാ ഭാഗങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ട്.<br><br>**ഭാഗം–2** | |
| **അദ്ധ്യായം 13– ചില അലോഹസംയുക്തങ്ങൾ** | |
| • $NH_3$ യുടെ വ്യാവസായിക നിർമ്മാണത്തിൽ ലേ-ഷാറ്റ്ലിയർ തത്വം എങ്ങനെ പ്രയോജനപ്പെടുത്താം. | • ലേ ഷാറ്റ്ലിയർ തത്വം |
| **അദ്ധ്യായം 14– ഓർഗാനിക് സംയുക്തങ്ങൾ–നാമകരണവും ഐസോമെറിസവും** | |
| • ഒന്നിലേറെ ശാഖകളുള്ള ആൽക്കെയ്നുകളുടെ നാമകരണം<br>• വ്യത്യസ്ത ആൽക്കൈൽ റാഡിക്കലുകൾ ശാഖകളായുള്ള ആൽക്കെയ്നുകളുടെ നാമകരണം.<br>• ഫങ്ഷണൽ ഗ്രൂപ്പുകൾ അടങ്ങിയിട്ടുള്ള സംയുക്തങ്ങളുടെ നാമകരണം,<br>• ഐസോമെറിസം | • ഒരു ശാഖ മാത്രമുള്ള ആൽക്കെയ്നുകളുടെ നാമകരണം ഉൾപ്പെടുത്തിയിട്ടുണ്ട്.<br>• ഫങ്ഷണൽ ഗ്രൂപ്പുകൾ, അവയുടെ പേര്, ഫങ്ഷണൽ ഗ്രൂപ്പ് അടങ്ങിയ സംയുക്തങ്ങളുടെ പൊതുവായപേർ ഇവ പരിചയപ്പെടുത്തുന്നു. (പട്ടിക 14.4) (ICT ഉപയോഗപ്പെടുത്തുന്നു) |
| **അദ്ധ്യായം 15– ഓർഗാനിക് സംയുക്തങ്ങൾ–രാസപ്രവർത്തനങ്ങൾ** | |
| • വലയ സംയുക്തങ്ങൾ | • Open chain compounds (ചങ്ങല രൂപത്തിലുള്ള സംയുക്തങ്ങൾ) അവയുടെ രാസപ്രവർത്തനം ഇവ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| **അദ്ധ്യായം 16– രസതന്ത്രം നിത്യജീവിതത്തിൽ** | |
| എല്ലാ ഭാഗങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ട്. | |